# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5970** **7/7/2014** ൽ മറുപടിയ്ക്ക്

## മാരകമായ കീടനാശിനികളുടെ നിരോധനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>,, വി. ശശി<br>,, ചിറ്റയം ഗോപകുമാർ<br>,, മുല്ലക്കര രത്നാകരൻ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ പത്തു വർഷക്കാലത്തിനിടയിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ എത്രയാണ്; അവ ഏതെല്ലാം; എൻഡോസൾഫാന് നിരോധനം ഏർപ്പെടുത്തിയതെന്നു മുതലാണെന്ന് വ്യക്തമാക്കുമോ; | (എ) എൻഡോസൾഫാൻ ഉൾപ്പെടെ 15 ഇനം കീടനാശിനികളാണ് കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ കേരളത്തിൽ നിരോധിച്ചത്. വിഷവീര്യം കൂടിയ ചുവപ്പ് ലേബലുള്ള കീടനാശിനികളായ കാർബോഫ്യൂറാൻ, ഫോറേറ്റ്, മീതൈൽ പാരത്തയോൺ , മോണോക്രോട്ടോഫോസ്, മീതയിൽ ഡിമറ്റോൺ എന്നിവയും മഞ്ഞ നിറത്തിലുള്ള ലേബലോടു കൂടിയ കീടനാശിനികളായ ട്രയാസോഫോസ്, പ്രൊഫനോഫോസ് എന്നിവയും കുമിൾനാശിനികളായ എഡിഫൻഫോസ്, ട്രൈസെക്ളാസോൾ, ഓക്സിതയോക്യൂനോക്സ് എന്നിവയും കളനാശിനികളായ അനിലോഫോസ്, പാരക്വാറ്റ്, തയോബൻകാർബ്, അട്രാസിൻ എന്നിവയുമാണ് കേരളത്തിൽ സർക്കാർ ഉത്തരവ് നം. 116/2011/കൃഷി തീയതി 7/5/2011 പ്രകാരം നിരോധിച്ചത്.<br>കേന്ദ്രസർക്കാരിന്റെ 31/10/2006 ലെ ജി.എസ്.ആർ നമ്പർ 1874 (ഇ) നമ്പർ ഗസറ്റ് വിജ്ഞാപനം അനുസരിച്ചാണ് എൻഡോസൾഫാന്റെ ഉപയോഗം കേരളത്തിൽ നിരോധിച്ചത്. |
| (ബി) ചെക്ക് പോസ്റ്റുകളിൽ കീടനാശിനി കടത്ത് പിടിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) എൻഡോസൾഫാൻ നിരോധനത്തിന്റെ ഭാഗമായി അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന കീടനാശിനികൾ പരിശോധിക്കുന്നതിന് വേണ്ടുന്ന നിർദ്ദേശങ്ങൾ ജില്ലാകളക്ടർമാർ മുഖേന അതിർത്തി ചെക്ക് പോസ്റ്റുകളിൽ നൽകിയിട്ടുണ്ട്. 23/5/2011 ലെ ജി.ഒ (എം.എസ്) നമ്പർ 136/2011/എഡി |

| | | | |
|---|---|---|---|
| | | | നമ്പർ ഉത്തരവ് മുഖേന നിരോധിച്ച കീടനാശിനികളുടെ സംഭരണം, ഉപയോഗം, കള്ളക്കടത്ത് എന്നിവ തടയുന്നതിനും കീടനാശിനികൾ പിടിച്ചെടുക്കുന്നതിനുമായി ജില്ലാകളക്ടർ ചെയർമാനും ജില്ലാ കൃഷി ഓഫീസർ കൺവീനറും അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അംഗങ്ങളുമായുള്ള ജില്ലാതല സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് മാരകമായ കീടനാശിനി കളുടെ വിതരണം തടയുന്നതിന് എന്തെങ്കിലും നടപടികളുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ? | (സി) | സംസ്ഥാനത്തെ കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ജി ഒ (എംഎസ്) 22/2011 കൃഷി തീയതി 17/1/2011 പ്രകാരം ഏർപ്പെടുത്തി കൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വില്പനശാലകളിൽ നിന്നും കീടനാശിനികൾ വിതരണം നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിളയുടെ പേരും, കീട/രോഗവും വ്യക്തമാക്കുകയും ഏത് കീടനാശിനി എത്ര അളവിൽ ഉപയോഗിക്കണമെന്നും കുറിപ്പടിയിൽ വ്യക്തമാക്കണമെന്ന് ഉത്തരവിൽ പറയുന്നുണ്ട്.<br>കീടനാശിനി ഡിപ്പോഡീലർമാർ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രം കീടനാശിനി വിതരണം ചെയ്യേണ്ടതാണെന്നും ആയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്ക് നൽകേണ്ടതാണെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കർഷക ബോധവൽക്കരണം വഴിയും പരിശീലന പരിപാടികൾ മുഖേനയും പകരമായുള്ള കീടനാശിനികളെ സംബന്ധിച്ചുള്ള അവബോധം കർഷകരിൽ വളർത്തുകയും നിരോധിച്ച കീടനാശിനികൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. നിരോധിച്ച കീടനാശിനികളുടെ വിതരണം , ശേഖരണം എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല സ്ക്വാഡ് പ്രവർത്തിച്ചു വരുന്നു. പരിശോധനകൾ ഡിപ്പോകളിലും അതിർത്തി ജില്ലകളിലും നടത്തുന്നതിന് അസിസ്റ്റന്റ് ഡയറക്ടർ (ക്വാളിറ്റി കൺട്രോൾ) മാരെ |

ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**